**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2890** **22-01-2021 - ൽ മറുപടിയ്ക്ക്**

**തുല്യജോലിക്ക് തുല്യവേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | തുല്യജോലിക്ക് തുല്യവേതനം തൊഴിലാളികളുടെ അവകാശമാണെന്ന സുപ്രിംകോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (ബി) | 1948ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെട്ട തൊഴിൽ മേഖലകളിൽ സ്ഥിരം, കാഷ്വൽ, താൽക്കാലികം, ബദലി തുടങ്ങിയ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ലഭിക്കുവാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിൽ നിന്നും ട്രെയിനി/ അപ്രന്റീസ് എന്നിവർ മാത്രമേ ഒഴിവാകുകയുള്ളൂ. സ്ഥാപന പരിശോധനാവേളയിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവോ, നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 1948ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെട്ട തൊഴിൽ മേഖലകളിൽ സ്ഥിരം, കാഷ്വൽ, താൽക്കാലികം, ബദലി തുടങ്ങിയ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ലഭിക്കുവാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിൽ നിന്നും ട്രെയിനി/ അപ്രന്റീസ് എന്നിവർ മാത്രമേ ഒഴിവാകുകയുള്ളൂ. സ്ഥാപന പരിശോധനാവേളയിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ